KOLLAM RURAL

# കൊല്ലം റൂറൽ പോലീസ്

**പോലീസ് സ്റ്റേഷൻ: ശാസ്താംകോട്ട** **തീയതി : 09.05.2022**

# 47 കിലോ കഞ്ചാവുമായി രണ്ട് യുവാക്കൾ പിടിയിൽ




ശാസ്താംകോട്ട : ആന്ധ്രായിൽ നിന്നും കൊല്ലം ജില്ലയിലെ വിവിധ ഭാഗങ്ങളിലും അയൽ ജില്ലകളിലും മറ്റുമായി കച്ചവടം നടത്തുന്നതിനായി കൊണ്ടുവന്ന 47 കിലോ കഞ്ചാവുമായി കുണ്ടറ മുളവന സെന്റ് കുരിയാക്കോസ് ചർച്ചിന് സമീപം അശോക മന്ദിരത്തിൽ അശോകൻ മകൻ 29 വയസുള്ള കണ്ണൻ എന്ന് വിളിക്കുന്ന അശ്വിൻ, കൊട്ടാരക്കര കോട്ടാത്തല പണയിൽ ജംഗ്ഷനിൽ അജയ നിവാസിൽ അജയകുമാർ മകൻ 28 വയസുള്ള അഖിൽ കൃഷ്ണൻ എന്നിവരാണ് കൊല്ലം റൂറൽ DANSAF ടീമിന്റെയും ശാസ്താംകോട്ട പോലീസിന്റേയും സംയുക്ത വാഹന പരിശോധനയിൽ ഭരണിക്കാവിൽ വച്ച് പിടിയിലായത്. പ്രതികൾ ആന്ധ്രായിൽ നിന്നും സംസ്ഥാനത്തേക്ക് മൊത്തവിൽപ്പനയ്ക്കായി കഞ്ചാവ് കടത്തുന്നതായി രഹസ്യ വിവരം കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. കെ.ബി രവി ഐ.പി.എസ് അവർകൾക്ക് ലഭിച്ചതിനെത്തുടർന്ന് കൊല്ലം ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ.അശോക് കുമാറിന്റെ നേതൃത്വത്തിൽ കുണ്ടറ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ മഞ്ജുലാൽ.എസ്, ശാസ്താംകോട്ട എസ്.എച്ച്.ഒ അനൂപ്.എ, എസ്.ഐ മാരായ ബാബു കുറുപ്പ്, രാജൻ ബാബു.കെ, കൊല്ലം റൂറൽ DANSAF ടീമംഗങ്ങളായ എസ്.ഐ അനിൽകുമാർ, എ.എസ്.ഐ രാധാകൃഷ്ണപിള്ളൈ, സി.പി.ഒ ദിലീപ്, എ.എസ്.ഐ സഞ്ജീവ് മാത്യു ശാസ്താംകോട്ട പോലീസ് സ്റ്റേഷൻ എസ്.ഐ ഷാജഹാൻ, എ.എസ്.ഐ മാരായ സുരേഷ് കുമാർ, വിനയൻ, സലിം, മനു, സുരേഷ്, സി.പി.ഒ മാരായ അരുൺ, അരുൺകുമാർ കണ്ട്രോൾ റൂം എ.എസ്.ഐ അനിൽകുമാർ, , സി.പി.ഒ വൈശാഖ് എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രതികൾ ആർഭാട ജീവിതം നയിക്കുന്നതിന് വേണ്ടി പണം കണ്ടെത്തുന്നതിനായി വൻതോതിൽ കഞ്ചാവ് ആന്ധ്രായിൽ നിന്നും സംസ്ഥാനത്തേക്ക് കടത്തിവരുകയായിരുന്നു. എറണാകുളവും കൊല്ലം ജില്ലയിലെ കുണ്ടറയും കേന്ദ്രികരിച്ചാണ് ഇവർ കഞ്ചാവ് കച്ചവടം നടത്തിവന്നിരുന്നത്. കഞ്ചാവ് കടത്തുന്നതിനായി ഇവർ ആഡംഭര വാഹനങ്ങളാണ് ഉപയോഗിച്ചിരുന്നത്. 47 കിലോ കഞ്ചാവുമായി ഇന്നോവ ക്രിസ്റ്റ വാഹനത്തിൽ എത്തിയ ഇവരെ ഭരണിക്കാവ് ജംഗ്ഷനിൽ വച്ച് പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. പ്രതികളിൽ ഒരാൾ ഓടി രക്ഷപെടാൻ ശ്രമിച്ചെങ്കിലും പോലീസ് പിന്തുടർന്ന് പിടികൂടുകയായിരുന്നു. വാഹനത്തിൽ ചാക്കിൽ ഒളിപ്പിച്ച നിലയിലായിരുന്നു കഞ്ചാവ് കണ്ടെത്തിയത്. പ്രതികൾക്ക് പിന്നിലുള്ള വൻ കഞ്ചാവ് സംഘത്തെക്കുറിച്ച് വിവരം ലഭിച്ചതിനെത്തുടന്ന് പോലീസ് കൂടുതൽ അന്വേഷണം നടത്തിവരുകയാണെന്ന് കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി അറിയിച്ചു.